**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **16-09-2025 - ൽ മറുപടിയ്ക്ക്**

**എൻവയോൺമെന്റൽ സൈറ്റ് അസസ്സ്മെന്റ്(ഇ.എസ്.എ) കരട് വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കരട് വിജ്ഞാപനപ്രകാരമുള്ള, സംസ്ഥാന ഗവൺമെന്റിന്റെ എൻവയോൺമെന്റൽ സൈറ്റ് അസസ്സ്മെന്റ്(ഇ.എസ്.എ) സംബന്ധമായ അന്തിമ റിപ്പോർട്ടും അനുബന്ധ മാപ്പും ഉടൻ ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ സൈറ്റിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് അന്തിമ പ്രൊപോസൽ (Shapefile ഉൾപ്പെടെ) നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പ്രോപ്പോസലിന് അനുമതി ലഭിക്കുന്ന മുറക്ക് പ്രസ്തുത രേഖകൾ, കേരള സംസ്ഥന ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്. |
| (ബി) | കരട് വിജ്ഞാപനം പൊതു ജനങ്ങൾക്ക് മലയാളത്തിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; അതിനുശേഷം വിജ്ഞാപനമനുസരിച്ചുള്ള അറുപത് ദിവസ കാലാവധി ആക്ഷേപങ്ങൾ സമർപ്പിക്കാനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ നിർദ്ദേശ പ്രകാരം, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് കരട് ഇ.എസ്.എ വിജ്ഞാപനം മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്; ESA കരട് വിജ്ഞാപനത്തിന്മേൽ, ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുള്ള സാവകാശം നൽകുന്നത് കേന്ദ്ര സർക്കാരാണ്. |
| (സി) | കേന്ദ്രം നിർദേശിച്ചിട്ടുള്ളതുപോലെ റിസർവ് ഫോറസ്റ്റുകളും വേൾഡ് ഹെറിറ്റേജ് സൈറ്റുകളും സംരക്ഷിതമേഖലകളും മാത്രം ഇ.എസ്.എ ആയി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | റിസർവ് ഫോറസ്റ്റുകളും, വേൾഡ് ഹെറിറ്റേജ് സൈറ്റുകളും, സംരക്ഷിത മേഖലകളും മറ്റും ഉൾപ്പെടുത്തിയും ജനവാസമേഖലകൾ, കൃഷിഭൂമി എന്നിവ ഒഴിവാക്കിയുമാണ് പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് പ്രൊപോസൽ തയ്യാറാക്കി കേന്ദ്ര വനം, പരിസ്ഥിതി മന്ത്രായത്തിന് സമർപ്പിച്ചിരിക്കുന്നത്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയമാണ്. |
| (ഡി) | റവന്യൂ വില്ലേജുകളുടെ പേരിൽ മേൽപറഞ്ഞ ഇ.എസ്.എ പ്രദേശങ്ങളും അതിന്റെ മാപ്പുകളും നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഇ.എസ്.എ പ്രദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ എല്ലാം തന്നെ വില്ലേജ് അടിസ്ഥാനത്തിലുള്ള മാപ്പുകളായാണ് തയാറാക്കിയിട്ടുള്ളത്. |
| (ഇ) | വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങളിൽ, പഞ്ചായത്തു വാർഡുകൾ അടിസ്ഥാന യൂണിറ്റാക്കി അംഗീകരിച്ചിട്ടുള്ള കേന്ദ്രനിലപാടിന് അനുസൃതമായി ഇ.എസ്.എ | (ഇ) | കരട് ESA വിജ്ഞാപനം തയ്യാറാക്കിയിരിക്കുന്നത് കേന്ദ്ര സർക്കാർ അംഗീകരിച്ച ഡോ. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. റിപ്പോർട്ടിൽ, ESA യുടെ അടിസ്ഥാന ഘടകമായി |

| | | | |
|---|---|---|---|
| | പ്രദേശങ്ങളുടെ അടിസ്ഥാന യൂണിറ്റ് പഞ്ചായത്ത് വാർഡായി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് കേന്ദ്രത്തിന് നൽകുന്നതിന് കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ? | | കണക്കാക്കിയിരിക്കുന്നത് വില്ലേജാണ്. അതിനാൽ, വില്ലേജ് അടിസ്ഥാനത്തിലുള്ള മാപ്പുകളാണ് തയാറാക്കിയിട്ടുള്ളത്. അടിസ്ഥാന റിപ്പോർട്ടിൽ നിന്നും വ്യതിചലിക്കുവാൻ, കേന്ദ്ര നിർദ്ദേശങ്ങൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ